**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആഴക്കടൽ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ്** | | **Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അമേരിക്കൻ കമ്പനിയായ ഇ.എം.സി.സി.യുമായുള്ള ധാരണാപത്രം റദ്ദാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (എ) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് ഇ.എം.സി.സി യുമായി ധാരണാ പത്രം ഒപ്പുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | ഫിഷറീസ് വകുപ്പുമായി ഇ.എം.സി.സി. ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ യോഗത്തിന്റെ മിനുട്സ് ലഭ്യമാക്കാമോ; ഈ ചർച്ചകളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇല്ല. |
| (സി) | സർക്കാരിന്റെ ഫിഷറീസ് നയത്തിന്റെ അടിസ്ഥാനത്തിൽ വിദേശ കമ്പനികൾക്ക് ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് നിരോധനമുണ്ടോ; 2019-ൽ പുറപ്പെടുവിച്ച മത്സ്യ നയത്തിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങൾ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2019 സമുദ്ര മൽസ്യബന്ധന നയത്തിലെ Para 2 Subpara 2 പ്രകാരം വിദേശ ട്രോളറുകൾക്കോ, തദ്ദേശീയ കോർപ്പറേറ്റുകളുടെ യാനങ്ങൾക്കോ ആഴക്കടൽ മൽസ്യബന്ധനം നടത്താനുള്ള അനുവാദം നല്കാതിരിക്കാനും ഇന്ത്യയുടെ സമുദ്ര അതിർത്തിയിൽ അവയെ പ്രവേശിപ്പിക്കാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് സമ്മർദ്ദം ചെലുത്തും എന്ന് പരാമർശിച്ചിട്ടുണ്ട്. ആകയാൽ വിദേശ കമ്പനികൾക്കും തദ്ദേശീയ കോർപറേറ്റുകൾക്കും ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഫിഷറീസ് നയം അനുവദിക്കുന്നില്ല. 12 Nautical Mile വരെയുള്ള തീരക്കടലിൽ മാത്രമേ സംസ്ഥാന സർക്കാരിന് മൽസ്യബന്ധന നിയന്ത്രണാധികാരമുള്ളൂ. 2019 ലെ മത്സ്യ നയത്തിൽ ഇതുവരെ ഒരുമാറ്റവും വരുത്തിയിട്ടില്ല. |
| (ഡി) | ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി.യുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശത്തുവച്ച് എന്തെങ്കിലും ചർച്ചകൾ | (ഡി) | ഫിഷറീസ് വകുപ്പ് ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഇ.എം.സി.സി.യുമായി കഴിഞ്ഞ |

| | | | |
|---|---|---|---|
| | നടത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | | സർക്കാരിന്റെ കാലത്ത് വിദേശത്ത് വച്ച് ചർച്ചകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ